ഗവൺമെന്റ് പ്രസ്സിലെ നിയമനം

43 (2918) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് പ്രസ്സുകളിൽ കട്ടിംഗ് മെഷീൻ സെക്ഷനുകളിൽ സീനിയോറിറ്റി ലിസ്റ്റ് പ്രകാരമാണോ ജീവനക്കാരെ നിയമിക്കുന്നത് ;

(ബി) ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ നിലവിലുള്ള കീഴ്വഴക്കങ്ങൾ ലംഘിച്ച് നിയമനം നടത്തിയിട്ടുണ്ടോ ;

(സി) ശ്രീ. പി. യു. ജലീൽ എന്ന തൊഴിലാളിക്ക് സീനിയോറിറ്റി ലിസ്റ്റ് പ്രകാരം കട്ടിംഗ് മെഷീൻ സെക്ഷനിൽ നിയമനം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ;

(ഡി) ഈ തൊഴിലാളിയുടെ ശമ്പളവും ഇൻക്രിമെന്റും തടഞ്ഞ് വെച്ചിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) അല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ശ്രീ. പി. യു. ജലീൽ എന്ന തൊഴിലാളിയെ കട്ടിംഗ് മെഷീനിൽ നിയമിച്ചിരിക്കുന്നത് സീനിയോറിറ്റി പ്രകാരമായിരുന്നില്ല. ബാലറ്റ് പേപ്പർ, ഇലക്ഷൻ ഫോറങ്ങൾ, പാഠപുസ്തകങ്ങൾ എന്നിവയുടെ അച്ചടിസമയത്ത് ജോലിയിൽ വീഴ്ച വരുത്തിയതുമൂലം ടി യാനെ കട്ടിംഗ് മെഷീനിൽ നിന്ന് മാറ്റിയിട്ടുണ്ട്.

(ഡി) ബാലറ്റ് പേപ്പർ, പാഠപുസ്തക്കങ്ങൾ എന്നീ സമയബന്ധിത ജോലിയിൽ വീഴ്ച വരുത്തിയതുകൊണ്ട് ശമ്പളവും ഇൻക്രിമെന്റും തടഞ്ഞിട്ടുണ്ട്.

ട്രാൻസ്ഫർ ലഭിച്ചിട്ടും വിടുതൽ ചെയ്യാത്ത നടപടി

44 (2919) ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ നിന്നും പ്രമോഷനോടുകൂടി ട്രാൻസ്ഫർ ലഭിച്ചതിനുശേഷവും എത്ര ജീവനക്കാരെ വിടുതൽ ചെയ്യാതെ നിലനിറുത്തിയിട്ടുണ്ട് ;

(ബി) പ്രസ്തുത ജീവനക്കാർ ആരെല്ലാമെന്ന് അറിയിക്കാമോ ;

(സി) സ്ഥലമാറ്റ ഉത്തരവ് ലഭിച്ചതിനുശേഷം നിയമനാനുസൃതം എത്രകാലം ജീവനക്കാരെ വിടുതൽ ചെയ്യാതെ നിർത്തുവാൻ ഡെപ്യൂട്ടി സൂപ്രണ്ടിന് അധികാരമുണ്ട് ; പ്രസ്തുത നടപടി നിയമവിരുദ്ധമാണെങ്കിൽ ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly